**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 104** **07-10-2024-ൽ മറുപടിയ്ക്ക്**

**<u>സ്വർണ്ണക്കടത്ത് കേസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** അനധികൃത സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് 2016 മെയ് മുതൽ 2024 സെപ്റ്റംബർ വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ പ്രതിവർഷം എത്രയാണ് എന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 191 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** 2016 മെയ് മുതൽ 2024 സെപ്റ്റംബർ വരെ സംസ്ഥാനത്ത് പോലീസ് പിടികൂടിയിട്ടുള്ള അനധികൃത സ്വർണ്ണത്തിന്റെ അളവ് എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

**<u>മറുപടി:</u>** 153815.89 ഗ്രാം അനധികൃത സ്വർണ്ണം പോലീസ് പിടികൂടിയിട്ടുണ്ട്.

**(സി)** പ്രസ്തുത കാലയളവിൽ പിടികൂടിയിട്ടുള്ള സ്വർണ്ണത്തിൽ നിന്ന് ഉടമസ്ഥർക്ക് വിട്ടു നൽകിയ സ്വർണ്ണത്തിന്റെ അളവ് എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 3025.66 ഗ്രാം സ്വർണ്ണം ഉടമസ്ഥർക്ക് വിട്ടുനൽകിയിട്ടുണ്ട്.

**(ഡി)** പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പിടികൂടിയിട്ടുള്ള സ്വർണത്തിൽ നിന്ന് സർക്കാർ കണ്ടുകെട്ടിയ സ്വർണ്ണത്തിന്റെ അളവ് എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ ഒന്നും തന്നെ കണ്ടുകെട്ടിയിട്ടില്ല.

**(ഇ)** പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പിടികൂടിയിട്ടുള്ള സ്വർണത്തിൽ നിന്ന് കോടതി ഇടപെടലിലൂടെ ഉടമസ്ഥർക്ക് സ്വർണ്ണം വിട്ടു നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ അളവും വിട്ടു നൽകാൻ കോടതി നിർദ്ദേശിച്ചതിനുള്ള കാരണവും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബഹു.കോടതി മുമ്പാകെ മതിയായ രേഖകൾ ഹാജരാക്കിയ ഉടമസ്ഥർക്ക് 3025.66 ഗ്രാം സ്വർണ്ണം വിട്ടു നൽകിയിട്ടുണ്ട്.

**(എഫ്)** പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ തെളിവില്ലാത്തതിനാൽ ഉപേക്ഷിച്ചവയുടെ വിശദവിവരം ജില്ല തിരിച്ച്

ലഭ്യമാക്കാമോ;

**<u>മറുപടി:</u>** തെളിവില്ലാത്തതിനാൽ കേസുകളൊന്നും തന്നെ ഉപേക്ഷിച്ചിട്ടില്ല.

**(ജി)** 2016 മെയ് മുതൽ 2024 സെപ്റ്റംബർ വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്വർണ്ണക്കടത്ത് കേസുകളിൽ പോലീസ് സേനയിൽ ഉള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ പ്രതിചേർക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഇല്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

| District | 2016 (from 01.05.2016) | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | 2024(Up to 30.09.2024) |
|---|---|---|---|---|---|---|---|---|---|
| EKM RL | | | | | | | 1 | | |
| MLPM | | 2 | | | | | 91 | 41 | 25 |
| KKD RL | | | | | | | 1 | | |
| WYND | | | 1 | | 1 | 1 | | | |
| KNR C | | | | | | | 4 | 17 | 1 |
| KSGD | | | 1 | | 1 | | 1 | 2 | |

സെക്ഷൻ ഓഫീസർ